**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6800** **11-07-2024 - ൽ മറുപടിയ്ക്ക്**

**ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | റവന്യൂ വകുപ്പ് മുഖേന ഇപ്പോൾ ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് നൽകാറുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷം കാസർഗോഡ് ജില്ലയിൽ നൽകിയ ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റുകളുടെ എണ്ണം താലൂക്ക് ഓഫീസ് തിരിച്ച് ലഭ്യമാക്കാമോ; | (ബി) | താലൂക്ക് / അനുവദിച്ച ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റുകളുടെ എണ്ണം:<br>കാസർഗോഡ് — 830<br>മഞ്ചേശ്വരം — 1735<br>വെള്ളരിക്കുണ്ട് — 839<br>ഹോസ്ദുർഗ്ഗ് — 2474 |
| (സി) | പ്രസ്തുത ജില്ലയിൽ അപേക്ഷ കിട്ടിയിട്ടും ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത എത്ര കേസുകളുണ്ടെന്ന് താലൂക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് താലൂക്കിൽ 2023 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ 959 അപേക്ഷകൾ മതിയായ രേഖകളില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്.<br><br>വെള്ളരിക്കുണ്ട് താലൂക്കിൽ 2023 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ 13 അപേക്ഷകൾ മതിയായ രേഖകളില്ലാത്തതിനാൽ നിരസിച്ചിരുന്നു. അതിൽ 5 അപേക്ഷകൾ 2024 ൽ പുന:സമർപ്പിച്ചിട്ടുള്ളതും സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളതുമാണ്.<br><br>മഞ്ചേശ്വരം ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത കേസുകൾ ഇല്ല. |
| (ഡി) | ഈ അപേക്ഷകൾ ലഭിച്ചത് എപ്പോഴാണെന്നും ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നും താലൂക്ക് ഓഫീസ് തിരിച്ച് അറിയിക്കാമോ; | (ഡി) | കാസർഗോഡ് താലൂക്കിൽ 2023 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ 959 അപേക്ഷകൾ മതിയായ രേഖകളില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്.<br><br>വെള്ളരിക്കുണ്ട് താലൂക്കിൽ 2023 കാലയളവിൽ ലഭിച്ച അപേക്ഷകളിൽ 13 അപേക്ഷകൾ മതിയായ രേഖകളില്ലാത്തതിനാൽ നിരസിച്ചിരുന്നു. അതിൽ 5 അപേക്ഷകൾ 2024 ൽ പുന:സമർപ്പിച്ചിട്ടുള്ളതും സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | മഞ്ചേശ്വരം ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് അനുവദിക്കാത്ത കേസുകൾ ഇല്ല. |
| (ഇ) | സ്വത്തുക്കൾ വിഭജിക്കുന്നതിനും ബാങ്കുകളിലെ കണക്ക് തീർക്കുന്നതിനും ലീഗൽ ഹെയർഷിപ് സർട്ടിഫിക്കറ്റ് കിട്ടാതെ വിഷമിക്കുന്ന കുടുംബങ്ങളുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | കാസർഗോഡ് താലൂക്കിൽ അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ